Cir. No: EM 255/2020 Phone : 0495-2772840 - 41

# ഇസ്‌ലാമിക് എജുക്കേഷണൽ ബോർഡ്

സമസ്ത സെന്റർ, മർകസ് കോംപ്ലക്സ് റോഡ്, കോഴിക്കോട് - 6, Email: sksvb@ymail.com

Phone : 0495-2772840, 2772841

## (പരീക്ഷാ വിഭാഗം)

## ഇംഗ്ലീഷ് മീഡിയം പൊതുപരീക്ഷ - 2021

**ഇംഗ്ലീഷ് മീഡിയം സ്കൂൾ മാനേജർ, പ്രിൻസിപ്പൽ, സ്വദർ മുഅല്ലിം, മുഅല്ലിംകൾ എന്നിവരെ അറിയിക്കുന്നത്.**

ഇസ്ലാമിക് എജുക്കേഷണൽ ബോർഡ് അംഗീകരിച്ച ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലെ മദ്റസകളിൽ 10, +2 ക്ലാസുകളിലെ പൊതുപരീക്ഷ **2021 ജനുവരി 09 ന് ശനിയാഴ്ചയും ഏഴാം ക്ലാസിലെ പൊതുപരീക്ഷ 2021 മാർച്ച് 06ന് ശനിയാഴ്ചയും** താഴെ ചേർത്ത ടൈംടേബിൾ പ്രകാരം നടത്തപ്പെടുന്നതാണ്.

| തിയ്യതി | സമയം | വിഷയം | |
|---|---|---|---|
| | | **പത്താം തരം** | **+ 2** |
| 09-01-2021 ശനി | 8.00 am to 9am | الفقه | تفسير القران والتصوف (معالم الطلاب) |
| | 10.00 am to 11am | | |
| | 1.30pm to2.30pm | تزكية الولدان | الفقه (معالم الطلاب) |
| | 3.00pmTo4.00pm | | |

| തിയ്യതി | സമയം | ഏഴാം തരം വിഷയം |
|---|---|---|
| 06- 03 - 2021 ശനി | 10.00 am to 12. 00 pm | الفقه |
| | 1. 30 pm to 3. 30 pm | العقائد و تزكية الولدان |

പൊതുപരീക്ഷക്ക് ഓൺലൈനിൽ കുട്ടികളുടെ പേർ റജിസ്റ്റർ ചെയ്യുന്നതിന് www.samastha.in എന്ന വെബ് സൈറ്റിൽ പ്രവേശിച്ച് Madrasa Register ക്ലിക്ക് ചെയ്ത് User Name, Password എന്നിവ ടൈപ്പ് ചെയ്ത് പേജ് തുറക്കുക. അതിൽ Public Exam Application ലിങ്കിൽ ക്ലിക്ക് ചെയ്ത് ക്ലാസ് സെലക്ട് ചെയ്ത് Get student ക്ലിക്ക് ചെയ്താൽ അഡ്മിഷൻ റെജിസ്റ്ററിൽ മുമ്പ് ചെയ്തു വെച്ച വിവരങ്ങൾ കാണാവുന്നതാണ്. അവ പൂർണ്ണമാണെന്നും തെറ്റുകളില്ലെന്നും (കുട്ടിയുടെ പേര്, രക്ഷിതാവിന്റെ പേര്, ജനന തിയ്യതി എന്നിവയിൽ തിരുത്തലുകളുണ്ടെങ്കിൽ View all Admissions നിൽ പോയി ആവശ്യമായ മാറ്റം വരുത്തേണ്ടതാണ്) ഉറപ്പുവരുത്തി (പരീക്ഷ എഴുതാത്ത കുട്ടികളുണ്ടെങ്കിൽ ടിക്ക് മാർക്ക് ഒഴിവാക്കുക) Verify and Submit അടിക്കുക. Print and Downlod ലിങ്കിൽ ക്ലിക്ക് ചെയ്ത് ലിസ്റ്റ് പ്രിന്റ് എടുത്ത് ഒപ്പിട്ട് ഡിവിഷൻ പരീക്ഷാ വിഭാഗം സെക്രട്ടറിയെ ഏൽപ്പിക്കുക. **ഓൺലൈൻ അഡ്മിഷൻ റെജിസ്റ്ററിൽ മുഴുവൻ കുട്ടികളുടെയും മുഅല്ലിംകളുടെയും മാനേജ്മെന്റിന്റെയും വിവരങ്ങൾ എന്റർ ചെയ്യാത്തവർക്ക് Public Exam Application ലിങ്ക് വർക്ക് ചെയ്യുന്നതല്ല.** എന്റർ ചെയ്യാത്ത സ്ഥാപനങ്ങൾ അഡ്മിഷൻ റെജിസ്റ്റർ പൂർത്തീകരിച്ച് പരീക്ഷാ റെജിസ്ട്രേഷൻ ചെയ്യേണ്ടതാണ്. **ഓൺലൈനിൽ എന്റർ ചെയ്യാത്ത അപേക്ഷ സ്വീകരിക്കുന്നതല്ല.**

ഓരോ ക്ലാസിന്റെയും അപേക്ഷയുടെ രണ്ട് കോപ്പി പ്രിന്റ് എടുത്ത് ഒരു കോപ്പി മദ്റസാ ഫയലിൽ സൂക്ഷിക്കണം. അപേക്ഷാ ഫോറത്തിന്റെ രണ്ടാമത്തെ കോപ്പിയിൽ സ്വദർ മുഅല്ലിം, സ്കൂൾ മാനേജർ, ക്ലാസ് മുഅല്ലിം എന്നിവർ ഒപ്പും സീലും വെച്ച് ഫീസ് **(പത്ത്, പന്ത്രണ്ട് ക്ലാസ് ഒരു കുട്ടിക്ക് 100രൂപ, ഏഴാം ക്ലാസ് ഒരു കുട്ടിക്ക് 150 രൂപ) സഹിതം 26 – 12 – 2020ന്** മുമ്പായി ഡിവിഷൻ പരീക്ഷാ സെക്രട്ടറിയെ ഏൽപ്പിക്കണം.

ഡിവിഷൻ മുഖേന അല്ലാതെ ലഭിക്കുന്ന അപേക്ഷകൾ ഓഫീസിൽ സ്വീകരിക്കുന്നതല്ല. കന്നഡ, ഉർദു, തമിഴ്, അറബിതമിഴ് പാഠപുസ്തകം പഠിക്കുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ അപേക്ഷാ ഫോറത്തിൽ അതാതിന്റെ കോളങ്ങളിൽ രേഖപ്പെടു

ത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. അപേക്ഷ അയച്ച ശേഷം യാതൊരു ഭേദഗതിയും അനുവദിക്കുന്നതല്ല.

**ഇംഗ്ലീഷ് മീഡിയം പൊതുപരീക്ഷ രണ്ട് ഘട്ടങ്ങളിലായാണ് നടക്കുന്നത്. ഒന്നാം ഘട്ടം പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിലെ കുട്ടികൾക്ക് ഓൺലൈനിലും രണ്ടാം ഘട്ടം ഏഴാം ക്ലാസിലെ കുട്ടികൾക്ക് സാധാരണപോലെ എഴുത്ത് പരീക്ഷയുമാണ് നടക്കുന്നത്.** രണ്ടാം ഘട്ടത്തിലുള്ള പരീക്ഷയിൽ 10 ൽ കുറഞ്ഞ വിദ്യാർത്ഥികൾ ഉള്ള സ്ഥാപനങ്ങൾ സ്വന്തം സെന്റർ അനുവദിക്കണമെങ്കിൽ 10 കുട്ടികളുടെ ഫീസ് അടക്കണം (ഉദാ: 10x150=1500) അല്ലാത്തവർ സെന്ററായി ഉദ്ദേശിക്കുന്ന സ്ഥാപനത്തിന്റെ പേരും സ്ഥലവും അംഗീകാര നമ്പറും പ്രിന്റെടുത്ത ഫോറത്തിലെ റിമാർക്സ് കോളത്തിൽ ചുകപ്പു മഷിയിൽ രേഖപ്പെടുത്തണം. പ്രസ്തുത സ്ഥാപനത്തിലെ സ്വദർ മുഅല്ലിമിന്റെ സമ്മതപത്രം അപേക്ഷാ ഫോറത്തിന്റെ കൂടെ വെക്കേണ്ടതാണ്.

**സിലബസ്:-**

+2 ക്ലാസിൽ വിദ്യാഭ്യാസ ബോർഡ് പുറത്തിറക്കിയ **معالم الطلاب** ലെ **الفقه** ഒരു വിഷയവും **تفسير القران والتصوف** മറ്റൊരു വിഷയവുമായി പരിഗണിച്ച് ( രണ്ട് ചോദ്യപ്പേപ്പറുകളിലായി) പരീക്ഷ നടക്കും. പത്താം ക്ലസിൽ الفقه الإسلامى, تزكية الولدان എന്നീ ര് പേപ്പറുകളും ഏഴാം ക്ലസിൽ الفقه الإسلامى, العقائدو تزكية الولدان എന്നീ രണ്ട് പേപ്പറുകളും ഉണ്ടായിരിക്കും. എല്ലാ ഭാഗങ്ങളിൽ നിന്നും ചോദ്യം ഉണ്ടായിരിക്കുന്നതാണ്. (تزكية الولدان ലെ നഹ്വ്സ്വർഫ് ഭാഗങ്ങളിൽ നിന്ന് ചോദ്യം ഉണ്ടായിരിക്കുന്നതല്ല). ഓൺലൈൻ ക്ലാസിൽ 31-12-2020 വരെ നടന്ന ക്ലാസുകളെ അടിസ്ഥാനമാക്കി ഒബ്ജക്ടീവ് ടൈപ്പ് മാതൃകയിലായിരിക്കും പത്ത്, പന്ത്രണ്ട് ക്ലാസുകളുടെ പരീക്ഷ നടത്തുക. എന്നാൽ ഏഴാം തരത്തിൽ മുഴുവൻ പാഠഭാഗങ്ങളിൽ നിന്നും ചോദ്യം ഉണ്ടായിരിക്കും.

ഒരു ക്ലാസിലെ മുഴുവൻ കുട്ടികളും തുടർ പഠനത്തിന് അർഹത നേടുന്നതിനോടൊപ്പം അമ്പത് ശതമാനം കുട്ടികൾ മുഴുവൻ വിഷയങ്ങളിലും A+ നേടിയാൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് ബോർഡിന്റെ അഭിനന്ദന പത്രം ലഭിക്കുന്നതാണ്. ( ചുരുങ്ങിയത് ഏഴിൽ 10 കുട്ടികളും പത്തിലും പന്ത്രണ്ടിലും 5 കുട്ടികളും പരീക്ഷ എഴുതിയിരിക്കണം)

പൊതു പരീക്ഷാ സംബന്ധമായ എല്ലാ എഴുത്തിടപാടുകളും താഴെ കാണിച്ച വിലാസത്തിൽ മാത്രമായിരിക്കേണ്ടതാണ്. കാര്യക്ഷമമായ പരീക്ഷാ നടത്തിപ്പിന് മുകളിൽ പറഞ്ഞ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കണമെന്നഭ്യർത്ഥിക്കുന്നു.

**ഖുർആൻപരീക്ഷ:** ഏഴാം തരത്തിലെ ഖുർആൻപരീക്ഷ അതതു സ്ഥാപനങ്ങളിലെ സ്വദർ മുഅല്ലിംകളുടെ നേതൃത്വത്തിൽ **27-02-2021ന് ശനിയാഴ്ച** നടത്തേണ്ടതാണ്. പരീക്ഷക്ക് ആവശ്യമായ ചോദ്യപേപ്പറും സർക്കുലറുകളും 2021 ഫെബ്രുവരി അവസാന വാരത്തിൽ ഡിവിഷൻ പരീക്ഷാ വിഭാഗം സെക്രട്ടറിമാർ എത്തിച്ചു തരുന്നതാണ്.

**ബന്ധപ്പെടേണ്ട ഫോൺ/വാട്സാപ്പ് നമ്പർ : 07356 133 841**

ചെയർമാൻ (പരീക്ഷാ വിഭാഗം)

ഇസ്ലാമിക് എജുക്കേഷണൽ ബോർഡ്, സമസ്ത സെന്റർ,

പി.ഒ എരഞ്ഞിപ്പാലം , കോഴിക്കോട് - 673006

കോഴിക്കോട്

01-12-2020